"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി - കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി) - മാർക്കറ്റിംഗ് മാനേജർ തസ്തിക ഒഴിവാക്കി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക പുന:സ്ഥാപിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.9/2025/CSIND തീയതി, തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. 27/05/2008 ലെ സ.ഉ.(സാധാ.)നം.23/2008/സി.എസ്.ഐ.എൻ.ഡി
2. കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടറുടെ 10/01/2022 ലെ എ-1/2021 നമ്പർ കത്ത്.
3. 19/04/2023 ലെ സ.ഉ.(എംഎസ്.) നം.09/2023/സി.എസ്.ഐ.എൻ.ഡി

**ഉത്തരവ്**

കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)-ൽ 2007വരെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക നിലവിലുണ്ടായിരുന്നു. കമ്പനിയുടെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിൽ കരാർ അടിസ്ഥാനത്തിലുള്ള മാർക്കറ്റിംഗ് മാനേജർ തസ്തികയാക്കി മാറ്റുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയുണ്ടായി. കമ്പനിയിലെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ 24x7 കോൾ സെന്റർ സേവന ദാതാവിനെ ഉപയോഗിച്ച് പ്രൊഫഷണലായി ഔട്ട്സോഴ്സ് ചെയ്തതിനാലും, മാർക്കറ്റിംഗ് മാനേജർ തസ്തിക ഒരു വർഷത്തിലേറെയായി ഒഴിഞ്ഞുകിടക്കുന്നതിനാലും ഭരണപരമായ സൗകര്യത്തിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക ആവശ്യമായതിനാലും മാർക്കറ്റിംഗ് മാനേജർ തസ്തിക ഒഴിവാക്കിക്കൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി പുനഃസ്ഥാപിക്കാൻ കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചതിൻ പ്രകാരം മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2 . സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് -ൽ പരാമർശം (3)ലെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം നിലവിലുള്ള കരാർ അടിസ്ഥാനത്തിലുള്ള മാർക്കറ്റിംഗ് മാനേജർ തസ്തിക ഒഴിവാക്കിക്കൊണ്ട് കരാർ അടിസ്ഥാനത്തിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക ചുവടെ ചേർക്കുന്ന സേവന വ്യവസ്ഥകൾ പ്രകാരം പുനഃസ്ഥാപിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

| | | |
|---|---|---|
| തസ്തികയുടെ പേര് | : | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| തസ്തികയുടെ എണ്ണം | : | ഒന്ന് |
| യോഗ്യത | : | ഏതെങ്കിലും വിഷയത്തിൽ ബിരുദം. |
| പ്രവൃത്തി പരിചയം | : | ഒരു പൊതുമേഖലാ സ്ഥാപനത്തിലോ ലാർജ് പബ്ലിക് ലിമിറ്റഡ് കമ്പനിയിലോ, സർക്കാർ വകുപ്പിലോ എച്ച്ആർ, അഡ്മിനിസ്ട്രേഷനിൽ കുറഞ്ഞത് 15 വർഷത്തെ പരിചയം. സർക്കാർ നടപടിക്രമങ്ങൾ, സർക്കാരുമായുള്ള ശമ്പള നിർണ്ണയ കത്തിടപാടുകൾ, വിവരാവകാശ നിയമം മുതലായവയിൽ അറിവുണ്ടായിരിക്കണം. ഇ-ഓഫീസ് സംവിധാനത്തെക്കുറിച്ച് പരിചയമുണ്ടായിരിക്കണം. |
| പ്രായം | : | ഉയർന്ന പ്രായപരിധി -65 വയസ്സ് |
| ശമ്പള സ്കെയിൽ | : | പ്രതിമാസം 55,000 രൂപ (കൺസോളിഡേറ്റഡ്) |
| നിയമന രീതി | : | കരാർ നിയമനം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി.) വകുപ്പ്. (02.07.2025 ലെ ഇനം നമ്പർ. 3085)

ആസൂത്രണ സാമ്പത്തികകാര്യ(ബി.പി.ഇ) വകുപ്പ്(BPE2/55/2025-PLGEA തീയതി 06/5/2025)

ധനകാര്യ (പി.യു-എ)വകുപ്പ് ( നം.2501738/പി.യു-എ3/46/2023-Fin തീയതി 10.04.2025)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(എ1/14/2022/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 04-07-2025 11:31:17

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-07-2025**

ഫയൽ നം. എ1/14/2022/സി.എസ്.ഐ.എൻ.ഡി. ഇനം നം: 3085

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് - കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)-ലെ 2008-ൽ മാർക്കറ്റിംഗ് മാനേജർ തസ്തികയാക്കി മാറ്റിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക പുനഃസ്ഥാപിക്കുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ശ്രീ. പോൾ ആന്റണി കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ പരിശോധിക്കുന്ന നടപടി ത്വരിതപ്പെടുത്തേണ്ടതാണെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

CSIND(US)
2/7/25
S-S

3085

# കേരള സർക്കാർ

## [ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. എ 1/14/2022/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്. |
| 3 | വിഷയം | : | കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)- ലെ 2008 ൽ മാർക്കറ്റിംഗ് മാനേജർ തസ്തികയാക്കി മാറ്റിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക പുനഃസ്ഥാപിക്കുന്നതിന് അനുമതി നല്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | : | 02/06/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 20/06/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. എ.ജയതിലക് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/06/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 25/06/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/06/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)- ൽ 2008 ൽ മാർക്കറ്റിംഗ് മാനേജർ തസ്തികയാക്കി മാറ്റിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക പുനഃസ്ഥാപിക്കണമെന്ന ആവശ്യം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കെ.എസ്.ഐ.എൻ.സി. യിൽ 2007 വരെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക കമ്പനി സെക്രട്ടറിയുടെ അതേ റാങ്കിൽ 12930 - 20250 (2006 ശമ്പള പരിഷ്കരണം) ശമ്പള സ്കെയിലിൽ നിലവിലുണ്ടായിരുന്നു. കമ്പനിയുടെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയെ മാർക്കറ്റിംഗ് മാനേജർ തസ്തികയിലേക്ക് മാറ്റാൻ 2007 ൽ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും, നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിൽ കരാർ അടിസ്ഥാനത്തിലുള്ള മാർക്കറ്റിംഗ് മാനേജർ തസ്തികയാക്കി മാറ്റുന്നതിന് 27.05.2008 ലെ ജി.ഒ (ആർ.ടി) നമ്പർ 23/2008/സിഎസ്ഐഎൻഡി പ്രകാരം സർക്കാർ അനുമതി നൽകുകയുമുണ്ടായി. അതിനുശേഷം, കമ്പനി സെക്രട്ടറിയാണ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്തു വരുന്നത്. കമ്പനിയിലെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ 24x7 കോൾ സെന്റർ സേവന ദാതാവിനെ ഉപയോഗിച്ച് പ്രൊഫഷണലായി ഔട്ട്സോഴ്സ് ചെയ്തതിനാലും മാർക്കറ്റിംഗ് മാനേജർ തസ്തിക ഒരു വർഷത്തിലേറെയായി ഒഴിഞ്ഞുകിടക്കുന്നതിനാലും ഭരണപരമായ സൗകര്യത്തിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക ആവശ്യമായതിനാലും മാർക്കറ്റിംഗ് മാനേജർ തസ്തിക ഒഴിവാക്കിക്കൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി, പുനഃസ്ഥാപിക്കാൻ കമ്പനിയുടെ ഡയറക്ടർ ബോർഡ് 30.11.2021 ൽ തീരുമാനിച്ചു. അതിൻപ്രകാരം മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് പ്രൊപ്പോസൽ 10.01.2022 ലെ കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി.

3. **നിർദ്ദിഷ്ട പ്രൊപ്പോസലിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക സംബന്ധിച്ച വിശദാംശങ്ങൾ:**

| | | |
|---|---|---|
| തസ്തികയുടെ പേര് | : | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| തസ്തികയുടെ എണ്ണം | : | ഒന്ന് |
| യോഗ്യത | : | ഏതെങ്കിലും വിഷയത്തിൽ ബിരുദം. |
| പ്രവൃത്തി പരിചയം | : | ഒരു പൊതുമേഖലാ സ്ഥാപനത്തിലോ ലാർജ് പബ്ലിക് ലിമിറ്റഡ് കമ്പനിയിലോ, സർക്കാർ വകുപ്പിലോ എച്ച്ആർ, അഡ്മിനിസ്ട്രേഷനിൽ കുറഞ്ഞത് 15 വർഷത്തെ പരിചയം. സർക്കാർ നടപടിക്രമങ്ങൾ, സർക്കാരുമായുള്ള ശമ്പള നിർണ്ണയ കത്തിടപാടുകൾ, വിവരാവകാശ നിയമം മുതലായവയിൽ അറിവുണ്ടായിരിക്കണം. ഇ-ഓഫീസ് സംവിധാനത്തെക്കുറിച്ച് പരിചയമുണ്ടായിരിക്കണം. |
| പ്രായം | : | ഉയർന്ന പ്രായപരിധി -65 വയസ്സ് |
| ശമ്പള സ്കെയിൽ | : | പ്രതിമാസം 55,000 രൂപ (കൺസോളിഡേറ്റഡ്) |
| നിയമന രീതി | : | കരാർ നിയമനം |

4. ഈ പ്രൊപ്പോസൽ പരിശോധിച്ചുവരുന്ന വേളയിൽ കെ.എസ്.ഐ.എൻ.സിയുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസലിന് 12.04.2023 ലെ ഇനം നമ്പർ 1471 ആയി മന്ത്രി സഭായോഗം അനുമതി നല്കിയിരുന്നതും അതിൻ പ്രകാരം 19.04.2023 ൽ സ.ഉ(എം.എസ്)നം.09/2023/സി.എസ്.ഐ.എൻ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഐ.എൻ.സിയുടെ പരിഷ്കരിച്ച സ്റ്റാഫ് പാറ്റേണിൽ കരാർ നിയമനാടിസ്ഥാനത്തിലുള്ള ഒരു മാനേജർ (മാർക്കറ്റിംഗ്) തസ്തികയും ഉൾപ്പെടുന്നു.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ സമർപ്പിച്ചപ്പോൾ താഴെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്:

'Finance' agrees to revive the post of Administrative Officer in KSINC Ltd, by converting the existing Marketing Manager post.

6. ഈ വിഷയത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ സമർപ്പിച്ചപ്പോൾ താഴെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്:

Administrative Department is informed that this Department agrees to the proposal for reviving the post of Administrative Officer in KSINC Ltd., by converting the existing Marketing Manager post.

7. കെ.എസ്.ഐ.എൻ.സിയിലെ കരാർ അടിസ്ഥാനത്തിലുള്ള മാർക്കറ്റിംഗ് മാനേജർ തസ്തിക ഒഴിവാക്കിക്കൊണ്ട് മുൻപുണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തോട് ധനകാര്യ വകുപ്പും, ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പും യോജിക്കുന്നതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി. വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി) ആവശ്യപ്പെട്ട പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള മാർക്കറ്റിംഗ് മാനേജർ തസ്തിക ഒഴിവാക്കിക്കൊണ്ട് പ്രതിമാസം 55,000 രൂപ (കൺസോളിഡേറ്റഡ്) വേതനത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക മേൽ ഖണ്ഡിക-3 ൽ പറയുന്ന സേവന വ്യവസ്ഥകൾ പ്രകാരം പുനഃസ്ഥാപിക്കുന്നതിന് അനുമതി നല്കാമോ?